


FIRST STEP



FIRST STEP

# അനുഗ്രഹത്തിന്റെ ഉറവിടം

FIRST STEP



## ST MARYS HSS MANARCAD

FIRST STEP



OUR HEADMISTRESS

Smt.Sunimol T John

മണർകാട് വിശുദ്ധ മർത്തമറിയം യാക്കോബായ സുറിയാനി പള്ളിയുടെ ആഭിമുഖ്യത്തിൽ 1949 ൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് സെന്റ് മേരീസ് ഹൈസ്കൂൾ .1988 ൽ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തപ്പെട്ടു.

# പ്രകൃതി

പച്ചപ്പുൽക്കൊടികൾക്കൊപ്പം
തെന്നി അടിക്കും കുളിർക്കാറ്റും
പൂക്കളും കായ്ക്ക്നികളും
പുൽത്തകിടുകളും   ഒന്നിച്ചുണർത്തുമെൻ-
ഈണമുള്ളൊരു പ്രകൃതി
ഭൂമിതൻ ഒരുകോണിലായി
ദൃശ്യഭംഗിയേകുമൊരു കാഴ്ചയാം
മർത്ത്യനും മൃഗങ്ങൾക്കു ഒരു-
തണലാകിടും പ്രകൃതി.
തൻ ദു:ഖകങ്ങളെല്ലാം മായിച്ചു-
കളയുമീ തണൽ.
ഭൂമിയും ആ തീഗോളവു-
മൊന്നിലും കാണുന്നതാം

ഈ ദൃശ്യാവിഷ്കാരം.      (സാന്ദ്ര ഭദ്രൻ)

FIRST STEP

# എന്റെ ഓർമ്മയിലെ പ്രളയം

എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കാത്ത ഓർമ്മയാണ് ഈ കടന്നുപോയ പ്രളയം. പ്രളയം എന്നെയും എന്റെ കുടുംബത്തെയും നന്നായി ബാധിച്ചു.എന്റെ പഠനോപകരണങ്ങളും വീട്ടുപകരണങ്ങളും പ്രളയത്തിൽ നഷ്ടപ്പെട്ടു. എന്റെ വീട് ഇപ്പോൾ ഇടിഞ്ഞും ചരിഞ്ഞുമാണ് ഇരിക്കുന്നത്.പ്രളയത്തിൽ എന്റെ വീടിന്റെ മേൽക്കൂര പോലും കാണാൻ ഇല്ലായിരുന്നു. എന്റെ അച്ഛനും അമ്മയ്ക്കും സങ്കടം ആയിരുന്നു ദുരിതാശ്വാസക്യാമ്പിലായിരുന്നു ഞാനും എന്റെ വീട്ടുകാരും.പ്രളയം ബാക്കി വെച്ചത് ഞങ്ങളുടെ സങ്കടം മാത്രമായിരുന്നു.

ധനുഷ 10A

# യാത്രാവിവരണം

എന്റെ യാത്ര കിഴക്കിന്റെ വെനീസായ ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിലേക്കാണ്. ഞാനും കുറച്ച് സുഹൃത്തുക്കളുമായി ആയിരുന്നു. എന്റെ ഈ മറക്കാനാവാത്ത യാത്ര.പതിവ് സമയത്തേക്കാളും നേരത്തേ എഴുന്നേറ്റ് കുട്ടനാട്ടിലേക്കുള്ള ആദ്യത്തെ ബസ്സിൽ തന്നെ കയറി ഞങ്ങൾ യാത്ര പുറപ്പെട്ടു.ഏതാണ്ട് ലക്ഷ്യത്തിലേക്ക് അടുക്കാറായപ്പോൾ ചെറിയ ഒരു മയക്കത്തിൽ നിന്നെഴുന്നേറ്റ് ബസ്സിൽ നിന്നിറങ്ങി കുട്ടനാടിന്റെ മണ്ണിൽ കാലുകുത്തി. പിന്നീട് കാൽനട ആരംഭിച്ചു.സത്യം പറഞ്ഞാൽ ബസ്സ് യാത്രയെക്കാളും സുഖമായിരുന്നു

കാൽനടയാത്ര.തിരക്കുകൾക്കൊപ്പം നെട്ടോട്ടമോടുന്ന ജനങ്ങൾക്കിടയിൽ പ്രകൃതിഭംഗി ആസ്വദിച്ചുകൊണ്ടിരുന്ന ഞങ്ങളെ അക്ഭുതപ്പെടുത്തിയതും അതോടൊപ്പം ആസ്വദിപ്പിച്ചതും .സൂര്യപ്രഭയിൽ തിളങ്ങുന്ന പ്രഭാതമാണ്. സവിശേഷതകൾ നിറഞ്ഞതായിരുന്ന ആ പ്രഭാതം .പ്രഭാതം ഉതിച്ചതോടെ പുതിയ ഒരു ദിനത്തെ ആനയിക്കാൻ എത്തിയ താറാക്കൂട്ടത്തെയും  ഞങ്ങൾ കണ്ടു രസിച്ചു. കണ്ണ് നിറയെ കാണാൻ മായാകാഴ്ചകൾ സമ്മാനിച്ച ദൈവത്തെയും ഞാൻ സ്മരിച്ചു. അവിടെയുള്ളവരാരൊക്കെയോ ഞങ്ങെ ശ്രദ്ധിക്കുന്നതു പോലെ എനിക്ക് തോന്നി. കായലിലേക്ക് ചാഞ്ഞ് നിൽക്കുന്ന തെങ്ങിലെ കീടങ്ങളെ കൊത്തിത്തിന്നുന്ന മരംകൊത്തികൾ  സ്കൂളിലേക്ക് പോകുന്ന വഴിയിൽ കുട്ടിക്കാലത്തെ

കുഞ്ഞുകുറുമ്പുകൾക്കൊപ്പം കൈയ്യെത്തും
ദൂരത്ത് ചിത്രശലഭത്തെ പിടിക്കുന്ന
കുഞ്ഞുകുട്ടുകാർ ഇവയെല്ലാം ഈ പ്രഭാതത്തെ
മനോഹരമാക്കുന്നു.ഇതുപോലെ ഉഷസ്സിന്
വർണ്ണമേകുന്ന മറ്റൊന്നായിരുന്നു കശമാവിൻ
തോട്ടങ്ങളിൽ തൂങ്ങിക്കിടക്കുന്ന പച്ചയും
പഴക്കാറായതും പഴുത്തതുമായ
പലതരത്തിലുള്ള ഫലങ്ങൾ അതിന്റെ നീര്
ആസ്വദിച്ച് കുടിക്കുന്ന പക്ഷികൾ ഏതൊക്കെ
നിറത്തിലുള്ള പക്ഷികൾ
അതിനിടയിലുണ്ടെന്ന് എനിക്ക്
തരംതിരിക്കാൻ പറ്റില്ലായിരുന്നു.ഈ
കാഴ്ച്ചകളെന്നെ വല്ലാതെ ആകർഷിച്ചു.
ആ ദിവസം ഒരു പ്രത്യേക ദിവസമായി
എനിക്ക് തോന്നി.കാൽനടയാത്രയിൽ നിന്നും
ഞങ്ങൾ പിന്നീട് ജലയിത്ര
ആരംഭിച്ചു.ബോട്ടിൽ പതുക്കെ കേറി
ഇരിപ്പുറപ്പിച്ചു.പണ്ടെവിടെവെച്ചോ ബോട്ടിൽ

കയറിയ ഓർമയാണെനിക്ക്.ബോട്ട്
പുറപ്പെട്ടത് മുതൽ കരയെത്തുന്നതുവരെ ഒന്നും
എനിക്ക് അറിയാൻ

## നന്ദിപൂർവ്വം

## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

FIRST STEP

സാധിച്ചില്ല.നിശ്ചലമായെന്തോ എന്നെ
ആകർഷിച്ചതീയിരുന്നു അതിന്റെ കാരണം
വൈകാതെ തന്നെ ഞാനത് തിരിച്ചറിഞ്ഞു,
പണ്ട് ഞാനാ പ്രതിഭാസത്തെ അറിയുന്നത്
അമ്മയുടെ വാക്കുകളിൽ
നിന്നാണ്,പാതിരാമണൽ അതായിരുന്നു
അതിന് കാരണം വെള്ളത്താൽ ചുറ്റപ്പെട്ട
ദ്വീപുപോലെ കായലിന്റെ മധ്യത്തിലെ
പ്രകൃതിയുടെ മറ്റൊരു മനോഹരതയെ
ഞാൻ കണ്ടു.കരയ്ക്കടുത്തെത്തിയപ്പോഴും
ഞാനത് തിരയുകയായിരുന്നു.നേരം വല്ലാതെ
അതിക്രമിച്ചു എന്നറിഞ്ഞപ്പോൾ ഉഷസ്സും
ഉച്ചയും നൽകിയ കാഴ്ചകളിൽ നിന്ന് എത്ര
വ്യത്യസ്തമായിരിക്കും വൈകുന്നേരത്തെ
എന്നതായിരുന്നു.എന്റെ ആകാംക്ഷ
ഓടിക്കൊണ്ടിരിക്കുന്ന സമയം
വൈകുന്നേരത്തെ കാഴ്ചകളിൽ എന്നെ
നിശ്ചലമാക്കി.സൂര്യാസ്തമയം പതുക്കെ ഇരുട്ടുന്ന

കുട്ടനാടും വീട്ടിലെത്താൻ മനുഷ്യപ്പോലെ തന്നെ ധൃതിപ്പെടുന്ന മറ്റു ജീവജാലങ്ങളും ഇതൊക്കെ കണ്ട് ഒഴിവ് കിട്ടിയ അന്നത്തെ ദിവസം ഞങ്ങൾ മനസ്സ് നിറഞ്ഞ് ആസ്വദിച്ചു. മറക്കാനാവാത്ത ഓർമകളുമായി ഞങ്ങൾ മടങ്ങി.

_______________ആദിത്യ_XA



# 8A

FIRST STEP



9B

FIRST STEP



9A

FIRST STEP



10A

FIRST STEP



# LITTLE KITES

FIRST STEP



# LITTLE KITES

FIRST STEP